"സ്വാമി ശരണം"

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## വർക്ക്സ് ഡിപ്പാർട്ടുമെന്റ്

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
ഇലക്ട്രിക്കൽ ഡിവിഷൻ
ചെങ്ങന്നൂർ
**E-mail: eeelectricaltdb@gmail.com**

## ലേല പരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ ശബരിമല ദേവസ്വം അരവണ പ്ലാന്റിലെ ഉപയോഗശൂന്യമായ ജാഗിരി മെൽറ്റിങ് യൂണിറ്റ് ബോർഡ് ഉത്തരവ് ആർ.ഒ.സി. നമ്പർ 519/21/എം., 22/03/2021 പ്രകാരം ടി ഓഫീസിൽ വച്ച് 31/08/2021 പകൽ 11 മണി മുതൽ 1 മണി വരെയും ഉച്ചയ്ക്ക് 2 മണി മുതൽ 3 മണി വരെയും പരസ്യമായി ലേലം ചെയ്യുന്നതാണ്. പ്രസ്തുത ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ അന്നേദിവസം ലേല സമയത്തിനു മുൻപായി നിരതദ്രവ്യമായ 3000/- രൂപ ഹാജരാക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുകകൾക്ക് വിളികേൾക്കുന്ന/കൊട്ടേഷൻ നൽകുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും, ആ വ്യക്തി/സ്ഥാപനം അപ്പോൾ തന്നെ, ലേലം വിളിച്ച തുകയുടെ 50% കെട്ടിവയ്ക്കേണ്ടതുമാണ്. ദേവസ്വം ബോർഡിന്റെ അനുവാദം വരുന്ന മുറയ്ക്ക് ബാക്കി തുക ഒരാഴ്ചയ്ക്കുള്ളിൽ കെട്ടി വെച്ച് ഡിപ്പാർട്ടുമെന്റ് വ്യവസ്ഥകൾക്ക് വിധേയമായി 10 ദിവസത്തിനകം മിഷിനറികളും, അനുബന്ധ ഘടകങ്ങളും നീക്കം ചെയ്യേണ്ടതുമാണ്. അതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം കെട്ടിവച്ച തുക ഡിപ്പാർട്ടുമെന്റിൽ മുതൽകൂട്ടി തുടർ നടപടികൾ എടുക്കുന്നതായിരിക്കും. ലേലം/കൊട്ടേഷൻ നൽകുന്നതോടൊപ്പം ഏറ്റവും കൂടുതൽ വിളികേട്ട തുകയുടെ 18% ജി. എസ്. റ്റി യും 1% സെസ്സും നൽകി ദേവസ്വം ബോർഡിൽനിന്നു തന്നെ രസീത് വാങ്ങേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തുന്നതിനും, യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, മാറ്റി വയ്ക്കുന്നതിനുമുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ഡിപ്പാർട്ടുമെന്റിൽ നിക്ഷിപ്തമായിരിക്കും. കൊട്ടേഷനുകൾ മുദ്ര വെച്ച കവറിൽ 27/08/2021 വൈകുന്നേരം 4 മണി വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതാണ്. ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേ സമയത്ത് ലേല നടപടികൾ നടത്തുന്നതായിരിക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള മറ്റെല്ലാ ലേല വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഈ ഓഫീസുമായോ, ശബരിമല ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്.

Sd/-
എക്സിക്യൂട്ടീവ് എഞ്ചിനീയർ
ഇലക്ട്രിക്കൽ ഡിവിഷൻ
ചെങ്ങന്നൂർ

ചെങ്ങന്നൂർ
28/07/2021